**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 192** **12-10-2026-ൽ മറുപടിയ്ക്ക്**

**താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. നവാസ് ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** തീരദേശ മണ്ഡലമായ താനൂർ നിയോജകമണ്ഡലത്തിൽ കിടത്തിച്ചികിത്സയുള്ള സർക്കാർ സ്ഥാപനങ്ങളൊന്നുമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** താനൂർ സി.എച്ച്.സി. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തിയപ്പോൾ, നേരത്തെയുണ്ടായിരുന്ന കിടത്തിച്ചികിത്സ പൂർണ്ണമായും നിർത്തിവെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**മറുപടി:** താനൂർ സാമൂഹ്യാരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി കിടത്തി ചികിത്സാ വിഭാഗം പ്രവർത്തിച്ചിരുന്ന കെട്ടിടം പൊളിച്ചു നീക്കിയതിനാൽ 2021 മുതൽ ആശുപത്രിയിൽ കിടത്തി ചികിത്സ നിർത്തലാക്കിയിരുന്നു. 26.02.2026 തീയതിയിലെ സ.ഉ.(കൈ) നം 67/2026/H&FWD നമ്പർ ഉത്തരവ് പ്രകാരമാണ് താനൂർ സാമൂഹികാരോഗ്യകേന്ദ്രം താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തിയിട്ടുള്ളത്. താനൂർ താലൂക്ക് ആശുപത്രിയിലെ പഴയ ഒ.പി കെട്ടിടം അൺഫിറ്റ് ആയതിനാൽ ആശുപത്രിയിലെ ഒ.പി. പണി പൂർത്തിയാക്കാത്ത പുതിയ കെട്ടിടത്തിന്റെ താഴത്തെ നിലയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ പ്രസ്തുത കെട്ടിടത്തിന്റെ ഒന്നാം നിലയുടേയും രണ്ടാം നിലയുടേയും പണി നടക്കുന്നതിനാലും, വൈദ്യുതി സുരക്ഷാ പ്രശ്നങ്ങൾ ഉള്ളതിനാലും ആശുപത്രിയിൽ നിലവിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള സ്ഥല സൗകര്യമില്ലാത്ത സാഹചര്യമാണ് ഉള്ളത്. ഐസൊലേഷൻ വാർഡിന്റെ അറ്റകുറ്റ പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് താനൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

**(സി)** താനൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിക്ക് ഭരണാനുമതിക്കായി നൽകിയ ഡി.പി.ആറിന് എന്ന് ഭരണാനുമതി നൽകാനാവുമെന്ന് വ്യക്തമാക്കാമോ; ഇപ്പോൾ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്ന പദ്ധതി എന്ന് പൂർത്തീകരിക്കാനാവുമെന്ന് വിശദമാക്കുമോ;

**മറുപടി:** താനൂർ സാമൂഹ്യാരോഗ്യകേന്ദ്രത്തെ താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തുന്നതിന്റെ ഭാഗമായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 22.38 കോടി രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം (Phase 1&2) നടന്നു വരുന്നുണ്ട്. പ്രസ്തുത പ്രവൃത്തികൾ 2027

മെയ് മാസത്തിൽ പൂർണ്ണമാകും എന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ നവകേരള സദസ്സിൽ ഉൾപ്പെടുത്തിയുള്ള കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്ന വിഷയവും പരിശോധിച്ചു വരുന്നു.

**(ഡി)** ഇതുവരെയായി അടിസ്ഥാനസൗകര്യ വികസനം നടക്കുന്ന പ്രസ്തുത ആശുപത്രിയിൽ രോഗികൾക്ക് പ്രയോജനകരമാകുന്ന നിലയിൽ സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** താനൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**